**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1111** | **11.02.2016 ലെ മറുപടിയ്ക്ക്**

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം.ഉമ്മൻ മാസ്റ്റർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ഉത്തരവായ അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) നിരവധി വർഷങ്ങളായി നിയമനാംഗീകാരവും ശമ്പളവുമില്ലാതെനിന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും നിയമനാംഗീകാരവും നൽകുക, യു.ഐ.ഡി അടിസ്ഥാനമാക്കിയുള്ള തസ്തികനിർണ്ണയവും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയ ശേഷമുള്ള നിയമനവും നടപ്പിലാക്കുന്നതുവഴി ക്രമക്കേടുകൾ തടയുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് അദ്ധ്യാപക പാക്കേജ് രൂപവൽക്കരിച്ചത്. |
| (ബി) പാക്കേജിന്റെ കാര്യത്തിലുണ്ടായ കോടതിവിധി അതിനെ ഏതൊക്കെ വിധത്തിലാണ് ബാധിക്കുകയെന്ന കാര്യം വിശദമാക്കുമോ;<br><br>(സി) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾക്കും, സാമ്പത്തിക സ്ഥിതിക്കും അദ്ധ്യാപകരുടെ താല്പര്യങ്ങൾക്കും ഹാനികരമാവാത്തവിധം പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും സർക്കാരിന്റെ മുൻകൂർ അനുമതി തേടിയ ശേഷമുള്ള നിയമനവും 2010-11 വർഷത്തെ അടിസ്ഥാനമാക്കിയുള്ള തസ്തികനിർണ്ണയവും ഇതു സംബന്ധിച്ച തുടർനിർദ്ദേശങ്ങളും കോടതി റദ്ദു ചെയ്തിട്ടുണ്ട്. എന്നാൽ പാക്കേജുമായി ബന്ധപ്പെട്ട കോടതിവിധികൾ ഹാനികരമായി ബാധിക്കാത്ത തരത്തിൽ പാക്കേജിലൂടെ അംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് സംരക്ഷണം നൽകി സർക്കാർ 29.1.2016 ലെ സ.ഉ. (പി) 29/2016/പൊവിവ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അദ്ധ്യാപകരുടെ താൽപര്യങ്ങൾക്കോ വിദ്യാഭ്യാസ നയത്തിനോ സാമ്പത്തികാവസ്ഥയ്ക്കോ ഹാനികരമാവില്ല എന്നു വിലയിരുത്തിയിട്ടാണ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ